# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1059** | **28/4/2017** -ലെ മറുപടി

## പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ളപദ്ധ 29/4/2015-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തി വരുന്നു. ഈ പദ്ധതി യിൽ കോട്ടുകോണത്തു നിർമ്മിക്കേണ്ട ഉപരി തല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനു വേണ്ടി സ്ഥലം യഥാസമയത്ത് കുന്നത്തുകാൽ പഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ തടസ്സമാ യത്. എന്നാൽ ഇപ്പോൾ പഞ്ചായത്ത് സ്ഥല മേറ്റെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതി യുടെ കരാർ കാലാവധി അവസാനിച്ച തിനാൽ കരാറിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ടി ഉപരിതല സംഭരണി സ്ഥാപിക്കുന്നതിനാവശ്യ മായ സ്ഥലം കരാർ വച്ചതിനുശേഷം 6 മാസം കഴിഞ്ഞ് ലഭ്യമായതുകൊണ്ടും സാധന വിലയും ലേബർ ചാർജ്ജും ക്രമാതീതമായി വർദ്ധിച്ചതിനാൽ ബാക്കി പണികൾ ചെയ്യു വാൻ കരാറുകാരൻ വിസമ്മതിച്ചതുകൊണ്ടും അതോറിറ്റിയുടെ 07/4/2017-ൽ കൂടിയ 391-ാമത് യോഗത്തിലെ 10472-ാമത് തീരുമാന പ്രകാരം ടി കരാറിൽ നിന്നും കരാറുകാരനെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

(ബി) കുന്നത്തുകാൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും, എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി) ഏകദേശം 5 വർഷങ്ങൾക്കു മുൻപ് 2008 SoR' പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഇനി ചെയ്യുവാൻ കഴിയില്ല എന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് നിയമപ്രകാരം കൈക്കൊള്ളേണ്ട നടപടികൾ ഇപ്പോൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ എത്ര തുക വകയിരുത്തേണ്ടി വരുമെന്ന് അറിയാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ